കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലൈ 14, ബുധൻ

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 1999 ജൂലൈ മാസം 14-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളത്തിലേയ്ക്കു അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം *434.

1 (*434) കാർഷികമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീമതി എൻ.കെ. രാധ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാരിന്റെ ഇറക്കുമതിനയം സംസ്ഥാനത്തിന്റെ കാർഷികമേഖലയെ എപ്രകാരം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര സർക്കാരിന്റെ ഇറക്കുമതിനയത്തെത്തുടർന്ന് കാർഷിക വിളകളുടെ വിലയിടിവ് തടയുന്നതിനും കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കേരളത്തിലെ കാർഷികവിളകളെ പ്രതികൂലമായി ബാധിക്കുന്ന പല നടപടികളും കേന്ദ്രഗവൺമെന്റിന്റെ തെറ്റായ വാണിജ്യ-ധനകാര്യ നയങ്ങൾമൂലം സംഭവിച്ചിട്ടുണ്ട്. ഇതിനെതിരായി കേരളത്തിന്റെ വികാരങ്ങൾ എല്ലാ തലങ്ങളിലുമായി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ സംസ്ഥാന സർക്കാരിന്റെ പരിമിതികൾക്കുള്ളിൽ നിന്ന് ഈ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. വർദ്ധിച്ച ഉൽപ്പാദനച്ചെലവ് കുറയ്ക്കുവാൻ രാസവളം, വിത്ത് എന്നിവയ്ക്ക് സബ്സിഡിയും കാർഷിക യന്ത്രവൽക്കരണത്തിന് സഹായവും നൽകി. ചെറുകിട നാമമാത്ര കർഷകർക്ക് വൈദ്യുതി സൗജന്യം, നെൽക്കൃഷിക്ക് ഉൽപ്പാദന ബോണസ് എന്നിവയും നടപ്പാക്കിയിട്ടുണ്ട്. നെല്ല്, നാളികേരം, റബ്ബർ എന്നിവയുടെ വിലക്കുറവ് തടയുന്നതിനായി യഥാകാലങ്ങളിൽ മെച്ചപ്പെട്ട വില നൽകി ഇവ സംഭരിക്കുന്നതിന് പരമാവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നാളികേരം, റബ്ബർ, തേയില, സുഗന്ധവ്യഞ്ജനങ്ങൾ എന്നീ വിളകളെ ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റെ ഭാഗമായുണ്ടായ ഇറക്കുമതി നയമാണ് പ്രധാനമായും നമ്മുടെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിച്ചത്. സസ്യഎണ്ണയുടെ ഇറക്കുമതിമൂലം നാളികേരത്തിന്റെ വിലയിലുണ്ടായ പ്രതിസന്ധി, റബ്ബർ കർഷകർ നേരിട്ട പ്രശ്നങ്ങൾ എന്നിവയും ഇതിന് ഉദാഹരണങ്ങളാണ്.

(സി)&(ഡി) നിരവധി തലങ്ങളിൽ ഇതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഈ നയങ്ങളാണ് കേരളത്തിലെ കാർഷികവിളകൾക്ക് വിലയിടിവ് ഉണ്ടാക്കിയതെന്നത് പൊതുവേ അംഗീകരിക്കപ്പെട്ട വസ്തുതയാണ്.

(ഇ) സംസ്ഥാനത്തിലെ കാർഷികവിളകളെ പ്രതികൂലമായി ബാധിക്കുന്ന എല്ലാ ഇറക്കുമതികളും അവസാനിപ്പിക്കണമെന്ന് നിരവധി പ്രാവശ്യം പല തലങ്ങളിലായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) (എ) യുടെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. പിരപ്പൻകോട് മുരളി : ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് ഉൽപ്പാദനച്ചെലവ് കുറയ്ക്കാനും കൃഷിക്കാരെ കാർഷികരംഗത്ത് ഉറപ്പിച്ചുനിർത്താനും ഗവൺമെന്റ് എന്തെങ്കിലും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നെൽക്കൃഷി മേഖലയിൽ യന്ത്രവൽക്കരണം കൊണ്ടുവരുന്നതിനും അതുവഴി ഉൽപ്പാദനച്ചെലവ് കുറയ്ക്കാനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിച്ച് പടിപ്പടിയായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ നാളികേരം തുടങ്ങിയ കാർഷികോൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് യൂണിറ്റുകൾ രൂപീകരിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. പിരപ്പൻകോട് മുരളി : ഇറക്കുമതി നിയന്ത്രണം പൂർണ്ണമായി എടുത്തുകളഞ്ഞതിലൂടെ കേരളത്തിലെ കാർഷികരംഗമാകെ തകർത്ത കോൺഗ്രസ്സ്-ബിജെ.പി.ഗവൺമെന്റുകളുടെ ജനദ്രോഹ നയത്തിനെതിരെ കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ കൃഷിക്കാരെ ബോധവൽക്കരിക്കാൻ ഈ ഗവൺമെന്റ് മുൻകൈയെടുക്കുമോ; ഇക്കാര്യത്തിൽ ഒരു സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഈ ഗവൺമെന്റ് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : വളരെ നീണ്ട ഒരു ചോദ്യമാണിത്. അപ്പുറത്തുള്ള സുഹൃത്തുക്കൾ എത്ര പ്രതിഷേധം പറഞ്ഞാലും ഗാട്ടും ഉദാരവൽക്കരണവും കമ്പോളവൽക്കരണവുമൊക്കെ കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമാണ്. എന്നുമാത്രമല്ല, ഗവൺമെന്റ് ഓരോ വർഷവും അതിന്റെ വാണിജ്യനയം പ്രഖ്യാപിക്കുന്നതിന്റെ ഫലമായി ഇറക്കുമതിയിൽ ഉദാരവൽക്കരണം വരുന്നു. ഇതിന്റെയെല്ലാം ഫലമായി കേരളത്തിലെ നാണ്യവിളകൾക്കുണ്ടായിരുന്ന പ്രത്യേക സംരക്ഷണം നഷ്ടപ്പെട്ടു. അതാണ് നമ്മുടെ കാർഷിക മേഖലയ്ക്ക് പ്രതികൂലമായിട്ടുള്ള അവസ്ഥ സൃഷ്ടിക്കപ്പെട്ടത്. അതിന് പ്രധാനമായും സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽനിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന ഒരു കാര്യം, ഇറക്കുമതിയുടെ ഫലമായി ഉണ്ടായിട്ടുള്ള പ്രതിസന്ധിയിൽനിന്ന് കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി അതിന്റെ ഉൽപ്പാദനക്ഷമത പരമാവധി വർദ്ധിപ്പിക്കാനായി കർഷകരെ സജ്ജമാക്കുകയും ഈ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് അവരെ സഹായിക്കുകയും ചെയ്യുക എന്നുള്ളതാണ്. അത് ഗവൺമെന്റ് ചെയ്യുന്നുണ്ട്. രണ്ടാമത്തെ കാര്യം, സാർവ്വദേശീയ മാർക്കറ്റിൽ നമ്മുടെ ഉൽപ്പന്നങ്ങൾ സംഭരിക്കത്തക്കരീതിയിൽ കൃഷിക്കാരെ സജ്ജമാക്കുകയും ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെ ഇന്റർനാഷണൽ മാർക്കറ്റിൽ നമുക്ക് മൽസരിക്കാനുള്ള സ്ഥിതിവിശേഷം സൃഷ്ടിക്കുകയുമാണ്. ഈ രണ്ട് കാര്യങ്ങളും പ്രാവർത്തികമാക്കുന്നതിന് ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരിപാടികൾ തയ്യാറാക്കിവരികയാണ്.

ശ്രീ. എം.പി. വർഗ്ഗീസ് : മലേഷ്യയും വിയറ്റ്നാമും ആഗോളവിപണിയിൽ ഇൻഡ്യൻ കുരുമുളകിനെ വെല്ലുവിളിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇൻഡ്യയിലെ കുരുമുളക് കൃഷിക്കാർ വലിയ കുഴപ്പത്തിലേയ്ക്കും നാശനഷ്ടത്തിലേയ്ക്കും എത്തിയിരിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരെ രക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഉദാരവൽക്കരണത്തിന്റെ ഫലമായി നമ്മുടെ രാജ്യത്തേക്കുകൂടി വിദേശരാജ്യങ്ങളിൽ നിന്ന് കുരുമുളക് ഇറക്കുമതി ചെയ്യുന്ന അവസ്ഥയുണ്ടായിരുന്നു. എത്രയോ ദശവർഷങ്ങളായി സാർവ്വദേശീയ മാർക്കറ്റിൽ ഏറ്റവും നല്ല നിലവാരം പുലർത്തിയിരുന്നത് നമ്മുടെ കുരുമുളകാണ്. ഈ പുതിയ നയത്തിന്റെ ഫലമായി കേരളത്തിലെ കുരുമുളക് കർഷകർ പുതിയ വെല്ലുവിളി നേരിടുകയാണ്. അതിൽനിന്ന് ഒരു ചെറിയ സംരക്ഷണം എന്നുള്ള നിലയ്ക്കാണ് കുരുമുളകിന്റെ വൈവിദ്ധ്യവൽക്കരണ പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങുന്നതിന് ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഫലമായി കുരുമുളകിന്റെ മൂല്യം കുറച്ചുകൂടി വർദ്ധിപ്പിക്കാനും കർഷകന്റെ വരുമാനം വർദ്ധിപ്പിക്കാനും കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം.പി. വർഗ്ഗീസ് : കെട്ടിക്കിടക്കുന്ന റബ്ബർ ഉപയോഗിച്ച് റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീക

LIBRARY ARCHIVES Kerala Legislative Assembly

രിച്ചിട്ടുണ്ടോ; കെട്ടിക്കിടക്കുന്ന റബ്ബർ കയറ്റുമതി ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഇപ്പോൾത്തന്നെ റബ്ബറധിഷ്ഠിത വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്ന കാര്യത്തിൽ 'റബ്കോ' എന്ന സഹകരണസ്ഥാപനം മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. അതിനെത്തുടർന്ന് മൂന്ന് വ്യവസായ യൂണിറ്റുകൾകൂടി ആരംഭിക്കുന്നതിന് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനും പ്ലാന്റേഷൻ കോർപ്പറേഷനും തീരുമാനിച്ചു. അതിന്റെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ട്. ഈ ഡിസംബർ മാസത്തിൽ ഈ മൂന്ന് യൂണിറ്റുകളും നിലവിൽവരും. നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന റബ്ബറിൽ നല്ലൊരു ഭാഗം ഇവിടെ വ്യാവസായികാവശ്യങ്ങൾക്ക് വിനിയോഗിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രധാന ലക്ഷ്യം. അതിനാവശ്യമായിട്ടുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. എം.വി.ജയരാജൻ</u> : ശ്രീലങ്കയിൽനിന്ന് കാർഷികോൽപ്പന്നങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ ഇറക്കുമതി ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് അനുവാദം നൽകിയിരുന്നു. അതുസംബന്ധിച്ച് കേരള നിയമസഭ തന്നെ ഐകകണ്ഠ്യേന ഉത്ക്കണ്ഠ രേഖപ്പെടുത്തുകയും സംസ്ഥാന ഗവൺമെന്റിന്റെ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കുകയും ചെയ്തതാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ശ്രീലങ്കയിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ പട്ടികയിൽനിന്നും ഒഴിവാക്കുമെന്ന് അന്ന് വാഗ്ദാനം ചെയ്തിരുന്നു. ആ വാഗ്ദാനം കേന്ദ്ര ഗവൺമെന്റ് നിറവേറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഇൻഡ്യയും ശ്രീലങ്കയുമായിട്ടുള്ള കരാർ പുറത്തുവന്ന ഉടനേതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ട് കേരളത്തിന്റെ കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുന്ന ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനെ സംബന്ധിച്ച് വളരെ വിശദമായി ചർച്ചചെയ്യുകയും നിവേദനം സമർപ്പിക്കുകയുമുണ്ടായി. അതിനെത്തുടർന്ന് കേന്ദ്ര വാണിജ്യ വകുപ്പു സെക്രട്ടറി നമ്മുടെ സംസ്ഥാനത്ത് വരുകയും ഗവൺമെന്റുമായി ഇതുസംബന്ധിച്ച് ചർച്ചചെയ്ത് നമ്മുടെ പ്രധാനപ്പെട്ട ചില കാർഷികോൽപ്പന്നങ്ങൾ ആ ലിസ്റ്റിൽനിന്ന് നീക്കംചെയ്യാമെന്ന് സംസ്ഥാന ഗവൺമെന്റിന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ നടപടി സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എം.വി. ജയരാജൻ</u> : കാർഷികമേഖലയിലെ ഇറക്കുമതി നയത്തെത്തുടർന്ന് ഓപ്പൺ ജനറൽ ലൈസൻസിംഗ് പോളിസി നടപ്പിലാക്കിയതിനെത്തുടർന്ന് ഏറ്റവും കൂടുതൽ പ്രയാസം സഹിക്കേണ്ടിവരുന്നത് റബ്ബർ ക്കൃഷിക്കാരാണ്. സിങ്കപ്പൂരിലേയ്ക്ക് 50,000 ടൺ റബ്ബർ കയറ്റുമതി ചെയ്യാൻവേണ്ടി റബ്ബർ ബോർഡിന് അനുമതി ലഭിച്ചിട്ടുണ്ടോ; റബ്ബർ കയറ്റുമതി ചെയ്യുമ്പോൾ റബ്ബർ ബോർഡിന്റെ വരുമാനത്തിൽ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ? അത് എത്ര രൂപ വരുമെന്ന് വിശദമാക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കേന്ദ്ര വാണിജ്യ വകുപ്പു സെക്രട്ടറി റബ്ബർ ബോർഡ് ചെയർമാന് ഒരു കത്തയച്ചു. സിങ്കപ്പൂരിലെ 'ബോൺടെക്' എന്ന കമ്പനി കേന്ദ്ര വാണിജ്യ വകുപ്പു സെക്രട്ടറിക്ക് 50,000 ടൺ റബ്ബർ ആവശ്യപ്പെട്ടുകൊണ്ട് ഒരു കത്തയച്ചു. ആ കത്തിന്റെ കോപ്പി

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര വാണിജ്യ വകുപ്പു സെക്രട്ടറി റബ്ബർബോർഡ് ചെയർമാന് അയച്ചു. ഇങ്ങനെ ഒരു കാര്യമുണ്ടെന്ന് റബ്ബർബോർഡ് ചെയർമാൻ സംസ്ഥാന ഗവൺമെന്റിനെ അറിയിക്കുകയുണ്ടായി. അങ്ങനെയാണ് ഇതുണ്ടായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട മറ്റ് മന്ത്രിമാരുമായി ആലോചിച്ച് കയറ്റുമതിയുടെ നടപടിക്രമം തുടരാൻവേണ്ടി റബ്ബർ ബോർഡിനെ അറിയിക്കാൻ തീരുമാനിച്ചു. ഗവൺമെന്റ് റബ്ബർ ബോർഡിനെ അറിയിച്ചു. റബ്ബർ ബോർഡ് റബ്കോ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നീ രണ്ട് ഏജൻസികളെ ഇക്കാര്യം അറിയിക്കുകയും ചെയ്തു. എന്നാൽ അതിന്റെ വിശദാംശങ്ങൾ നേരിട്ട് ചർച്ച ചെയ്യാൻവേണ്ടി സിങ്കപ്പൂരിലെ കമ്പനിയുടെ പ്രതിനിധി ഇതുവരെ വന്നിട്ടില്ല. അവരുടെ ഡെൽഹിയിലുള്ള ഒരു ഏജൻസിയുമായിട്ടാണ് ചർച്ചകൾ നടന്നിട്ടുള്ളത്. സിങ്കപ്പൂരിലെ കമ്പനിയുമായി നേരിട്ട് ചർച്ച ചെയ്യണമെന്ന് റബ്കോയുടേയും റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റേയും പ്രതിനിധികൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ജൂലായ് 30-ന് മുമ്പ് അതിനുള്ള അവസരമുണ്ടാക്കാമെന്ന് ഡെൽഹിയിലുള്ള അവരുടെ ഏജൻസിയുടെ പ്രതിനിധി അറിയിച്ചിട്ടുണ്ട്; അത് കാത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : കേരളം കാർഷികമേഖലയിൽ പ്രധാനമായും പ്രതിസന്ധി നേരിടുന്നത് നെല്ലുൽപ്പാദന മേഖലയിലാണ്. നെല്ലുൽപ്പാദനം ലാഭകരമല്ലാത്തതുകൊണ്ട്, അതിനുള്ള ജോലിക്കാരെ ലഭിക്കാത്തതുകൊണ്ട് ധാരാളം കർഷകർ നെല്ലുൽപ്പാദന മേഖലയിൽ നിന്ന് മറ്റ് ഉൽപ്പാദന മേഖലകളിലേയ്ക്ക് മാറി. അതിനെതിരെ സി.പി.ഐ.(എം.)ന്റെ നേതൃത്വത്തിൽ ഇവിടെ സമരം നടന്നു. നെല്ല് തന്നെ ഉൽപ്പാദിപ്പിക്കണമെന്നു പറഞ്ഞ് വെട്ടിനിരത്തൽ സമരം നടന്നു. ശ്രീ. സത്യൻ മൊകേരി എം.എൽ.എ. ചെയർമാനായിട്ടുള്ള അങ്ങയുടെ പാർട്ടിയുടെ കർഷക സംഘടനയുടെ നിലപാട് കർഷകന് അവന്റെ ഭൂമിയിൽ ഇഷ്ടമുള്ള വിള നട്ടുപിടിപ്പിക്കാമെന്നുള്ളതാണ്. ഭരണകക്ഷിയിലെ രണ്ട് പ്രധാനപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തമ്മിലുള്ള ഈ സമരംമൂലം, കേരളത്തിലെ കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധിയിൽനിന്ന് കർഷകരെ രക്ഷിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നെൽക്കൃഷി മേഖല നേരിടുന്ന പ്രതിസന്ധികളിലൊന്ന് രാസവളങ്ങൾക്കുണ്ടായ വിലവർദ്ധനവാണ്. ഇത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ. നിങ്ങളുടെ സാമ്പത്തിക നയത്തിന്റെ ഫലമായി, സബ്സിഡികൾ നൽകരുതെന്ന സമീപനത്തിന്റെ ഫലമായിട്ടാണ് അതിന്റെ വില വർദ്ധിച്ചത്. രാസവളങ്ങൾക്കുണ്ടായിരുന്ന സബ്സിഡികൾ വെട്ടിക്കുറയ്ക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നടപടിയുടെ ഭാഗമായിട്ടാണ് നെൽക്കൃഷിയുടെ ഉൽപ്പാദനച്ചെലവ് വർദ്ധിച്ചത്. അത് കർഷകന്റെ ലാഭത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. അതാണ് ഞാൻ പറഞ്ഞത്. സംസ്ഥാന ഗവൺമെന്റ് നെൽക്കൃഷിയെ സംരക്ഷിക്കാൻവേണ്ടി ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിസന്ധിഘട്ടത്തിൽ നെല്ലിന് താങ്ങുവില നിശ്ചയിച്ച് സഹകരണസംഘങ്ങളും വെയർഹൗസിംഗ് കോർപ്പറേഷനും കർഷകരിൽനിന്ന് നേരിട്ട് നെല്ല് ശേഖരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചു. 1998-99-ൽ 4.6 ലക്ഷം ക്വിന്റൽ നെല്ല് ന്യായവില കൊടുത്ത് സംഭരിക്കുകയുണ്ടായി. അതിനെത്തുടർന്ന് ഗ്രൂപ്പ് ഫാമിംഗും അതിനെത്തുടർന്നുള്ള ചില നടപടികളും നെൽക്കൃഷിയെ സംരക്ഷിക്കാൻവേണ്ടി ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. കർഷക സംഘടനകൾക്ക് അവയുടേതായിട്ടുള്ള നയങ്ങളും സമീപനങ്ങളും

ഉണ്ടാകും. ആ സമീപനങ്ങൾ കാംപെയിൻ ചെയ്യാനും പ്രചരിപ്പിക്കാനു മൊക്കെ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കൂടെയുള്ള രാഷ്ട്രീയ പാർട്ടി കളുടെ സമീപനം സ്വീകരിക്കുന്ന കർഷക സംഘടനകൾക്ക് സ്വാതന്ത്ര്യമുണ്ട്, അവകാശമുണ്ട്. ഇടതുപക്ഷജനാധിപത്യമുന്നണിക്ക് ഒരു നയമുണ്ട്. ആ നയ മാണ് ഈ ഗവൺമെന്റ് പ്രാവർത്തികമാക്കുന്നത്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : കേന്ദ്ര ഗവൺമെന്റ് കൈക്കൊള്ളുന്ന കയ റ്റിറക്കുമതി നയവും വാണിജ്യനയവും കേരളത്തിന്റെ സാമ്പത്തിക മേഖല യിൽ ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ചോദ്യത്തിനുത്തരമായി പറഞ്ഞു. അതോടൊപ്പം കേരളത്തിനകത്തുള്ള ഇടത്തട്ടുകാരുടെ ചൂഷണം കർഷകർ നേരിടുന്ന പ്രധാന പ്രശ്നം തന്നെയാ ണ്. പ്രത്യേകിച്ച് ഏത്തക്കായ് ഉൾപ്പെടെയുള്ള വാഴക്കായ്, മരച്ചീനി, പച്ചക്കറി തുടങ്ങിയ ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ ആ ചൂഷണം നിലനിൽക്കുന്നുണ്ട്. കർഷകർക്ക് ആവശ്യമായിട്ടുള്ളത് ന്യായമായ വിലയേക്കാൾ ആദായകരമായ വിലയാണ്. കേരളത്തിലെ കിസാൻസഭ ഉൾപ്പെടെയുള്ള കർഷക സംഘടനക ളെല്ലാം തന്നെ ഉയർത്തിയിട്ടുള്ള മുദ്രാവാക്യവും ആദായകരമായ വില ഉറപ്പു വരുത്തണമെന്നതാണ്. അതുകൊണ്ട് കേരളത്തിനകത്തും വിപുലമായ ഒരു മാർക്കറ്റിംഗ് സമ്പ്രദായത്തിൽക്കൂടി കാർഷികോൽപ്പന്നങ്ങൾക്ക് ആദായകര മായ വില ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഇപ്പോൾ കേരളത്തിൽ യൂറോ പ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി 6 മാർക്കറ്റുകൾ നിർമ്മിച്ചുവരികയാണ്. അതിൽ മൂവാറ്റുപുഴ മാർക്കറ്റിന്റെ ഉദ്ഘാടനം കഴിഞ്ഞു. അവശേഷിക്കുന്ന 5 മാർക്കറ്റുകൾ ഈ ഡിസംബർ മാസത്തിൽ പ്രവർത്തനം ആരംഭിക്കും. 6 മാർക്കറ്റിംഗ് അതോറിറ്റികൾ രൂപീകരിക്കുകയാണ്. ബഹുമാന പ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കാർഷികോൽപ്പന്നങ്ങൾ ഈ മാർക്കറ്റിൽ കൊണ്ടുവരാനും ഇടത്തട്ടുകാരെ ഒഴിവാക്കാനും ന്യായമായ വില കർഷകന് ലഭിക്കാനും ഈ മാർക്കറ്റിന്റെ സൗകര്യങ്ങൾ അവർക്ക് ഉപയോഗപ്പെടു ത്താനുംവേണ്ടി ഗവൺമെന്റ് നേതൃത്വം നൽകും.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : ഇതിന്റെ ഭാഗമായി പാഡിബോർഡ് രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ അത് നിലവിൽ വരുമെന്നും ഈ ഗവൺമെന്റ് അതിനുവേണ്ടി എന്ത് നടപടി എടു ത്തുവെന്നും വ്യക്തമാക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ചിങ്ങമാസം 1-ാം തീയതി നെൽക്കൃഷി വികസന ബോർഡ് നിലവിൽവരും. അത് ഞാൻ ഇവിടെ പറ ഞ്ഞതാണ്. അതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു കഴിഞ്ഞു.

<u>ശ്രീ. സി.പി. ബാലൻവൈദ്യർ</u> : കേരളത്തിലെ നാണ്യവിളകൾ ഇന്ന് പ്രതിസന്ധിയിലാണ്. നേരത്തെ നാണ്യവിളകൾ ഇറക്കുമതി ചെയ്യുന്നതിന് 60 ശതമാനം തീരുവ ഉണ്ടായിരുന്നു. ശ്രീ. നരസിംഹറാവുവിന്റെ ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ ആ തീരുവ എടുത്തുമാറ്റിയതിന്റെ ഫല മായി റബ്ബറും റബ്ബർ ഉൽപ്പന്നങ്ങളും നാണ്യവിളകളും ഇറക്കുമതി ചെയ്യാൻ അനുവാദം കൊടുത്തു. ഈ വസ്തുത കണക്കിലെടുത്ത് ഇറക്കുമതിത്തീരുവ പുന:സ്ഥാപിക്കുന്നതിന് പ്രതിപക്ഷനേതാവിനെക്കൂടി സഹകരിപ്പിച്ചുകൊണ്ട് കേന്ദ്രത്തിൽ ഒരു നിവേദനം കൊടുക്കാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി മുൻകൈയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കേന്ദ്രഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയമനുസരിച്ചും ഇറക്കുമതിനയം അനുസരിച്ചും തീരുവ കുറച്ചു കുറച്ചു വരുകയാണ്. അടുത്ത വർഷത്തോടെ തീരുവ ഒന്നുംതന്നെയില്ലാത്ത ഒരവസ്ഥയിൽ എത്തിച്ചേരും. അതാണ് ആ കരാറിന്റെ വ്യവസ്ഥ. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ഇറക്കുമതിത്തീരുവ വർദ്ധിപ്പിക്കാൻവേണ്ടിയുള്ള നിവേദനങ്ങൾ നൽകിയിട്ടുണ്ട്. കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിയുമായി നേരിട്ട് പലവട്ടം ഇക്കാര്യം ചർച്ചചെയ്തിട്ടുണ്ട്. ഇനി അതിന്റെ ആവശ്യകത ഉയർന്നുവരുന്ന ഘട്ടത്തിൽ ആവശ്യമെങ്കിൽ പ്രതിപക്ഷനേതാവ് മാത്രമല്ല പ്രതിപക്ഷകക്ഷികളുടെ നേതാക്കളെക്കൂടെകൂട്ടി നിവേദനം കൊടുക്കാൻ ഗവൺമെന്റ് മടിക്കില്ല. ആ സന്ദർഭത്തിൽ അങ്ങനെ ചെയ്യും.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇവിടെ രാസവളങ്ങളുടെ സബ്സിഡി കുറച്ചതിനെക്കുറിച്ചും ഫെർട്ടിലൈസേഴ്സിന് വിലകൂടുന്നതിനുണ്ടായ സാഹചര്യങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, രാസവളങ്ങളുടെ വില കൂടാനുണ്ടായ കാരണം ശ്രീ. നരസിംഹറാവുവിന്റെ കാലത്തുണ്ടായ പുത്തൻ സാമ്പത്തിക നയങ്ങളാണെന്നാണ് പറഞ്ഞത്. 1991-ൽ സാമ്പത്തികനയം വന്നതുമുതൽ അതായത് 1991 മുതൽ 1999 വരെ കേന്ദ്രത്തിൽ വിവിധ ഗവൺമെന്റുകളാണ് അധികാരത്തിലുണ്ടായിരുന്നത്. കേന്ദ്രത്തിൽ അധികാരത്തിലുണ്ടായിരുന്ന വിവിധ ഗവൺമെന്റുകൾ ശ്രീ. നരസിംഹറാവുവിന്റെ ഗവൺമെന്റ്, ശ്രീ. ദേവഗൗഡയുടെ ഗവൺമെന്റ്, ശ്രീ. ഐ.കെ. ഗുജ്റാളിന്റെ ഗവൺമെന്റ്, ശ്രീ. എ.ബി. വാജ്പേയിയുടെ ഗവൺമെന്റ് - ഇവ അവതരിപ്പിച്ച ഓരോവർഷത്തെ കേന്ദ്ര ബഡ്ജറ്റിലും ഫെർട്ടിലൈസർ സബ്സിഡിക്ക് സംഖ്യ കൂട്ടിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഏത് കൊല്ലമാണ് കേന്ദ്രവഗൺമെന്റ്, കോൺഗ്രസ്സ് ഗവൺമെന്റ്, കേന്ദ്ര ബഡ്ജറ്റിൽ ഫെർട്ടിലൈസറിന്റെ സബ്സിഡി എടുത്തുകളഞ്ഞതെന്ന് വ്യക്തമായി പറയാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ; അതിന്റെ രേഖ എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഞാൻ പൊതുവായിട്ടുള്ള സാഹചര്യമാണ് പറഞ്ഞത്. അതിന് അങ്ങ് എന്തിനാണ് ഇങ്ങനെ ചൂടാകുന്നത്? അങ്ങനെ എന്തെങ്കിലും പ്രശ്നമുണ്ടോ? ബഹുമാന്യനായ നരസിംഹറാവു കേന്ദ്രത്തിൽ പ്രധാനമന്ത്രിയായിരുന്ന അവസരത്തിലാണ് പുതിയ സാമ്പത്തികനയം കൊണ്ടുവന്നത്. ആ സാമ്പത്തിക നയത്തിന്റെ ഉള്ളടക്കത്തിൽത്തന്നെ പറഞ്ഞിരുന്നത് എല്ലാതരത്തിലുള്ള സബ്സിഡികളും നിർത്തലാക്കണമെന്നാണ്. രാസവളങ്ങളുടെ സബ്സിഡി വെട്ടിക്കുറയ്ക്കാനായി ഗവൺമെന്റ് നടപടി സ്വീകരിച്ചു, അതിന്റെ ഫലമായി 1992-ൽ രാസവളത്തിന് നൽകിയിരുന്ന സബ്സിഡി വെട്ടിക്കുറച്ചു. അതുകഴിഞ്ഞ് ഒരു ചെറിയ അളവിൽ അത് പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചത് കേന്ദ്രത്തിൽ പിന്നീട് അധികാരത്തിൽ വന്ന ഐക്യമുന്നണി ഗവൺമെന്റാണ്. അതാണ് ഇപ്പോൾ തുടരുന്നത്.

ശ്രീ. സത്യൻ മൊകേരി : ലോകമാർക്കറ്റിലേക്ക് നമ്മുടെ കാർഷികോൽപ്പന്നങ്ങൾ കയറ്റിയയ്ക്കുന്നതിനെക്കുറിച്ച് പറഞ്ഞു. പ്രത്യേകിച്ചും, ഗൾഫ് രാജ്യങ്ങളിലേക്ക് നമ്മുടെ കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്ത് വിദേശനാണയം കിട്ടുന്നതിന് വലിയ സാദ്ധ്യതയുണ്ട്. അതിനാവശ്യമായ മാർക്കറ്റിംഗ് സൗകര്യങ്ങൾ, ആകർഷകമായ പാക്കിംഗ് സംവിധാനങ്ങൾ എന്നിവയൊക്കെ ഏർപ്പെടുത്തിക്കൊണ്ട് വിദേശ മാർക്കറ്റ് കണ്ടെത്തുന്നതിനുവേണ്ടി പ്രത്യേകമായി പദ്ധതികൾ തയ്യാറാക്കുമോ; മാത്രമല്ല പല സ്ഥലങ്ങളിലും ഇന്ത്യാക്കാർക്കുപോലും നമ്മുടെ സാധനങ്ങൾ ലഭിക്കാത്ത സാഹചര്യ

മുണ്ട്. ചെറിയ ചെറിയ രാജ്യങ്ങളാണ് ഇന്ന് വിദേശ മാർക്കറ്റ് കൈയ്യടക്കിയിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്ക് വിദേശ മാർക്കറ്റ് കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നമ്മുടെ കാർഷികോൽപ്പന്നങ്ങൾ, പ്രത്യേകിച്ചും ഏത്തക്കായ്, അതുപോലെതന്നെ വാഴപ്പഴങ്ങൾ, പച്ചക്കറി ഇതിനൊക്കെ ഗൾഫ് നാടുകളിൽ നല്ല വിപണിയുണ്ട്, അവ വൻതോതിൽ വിറ്റഴിക്കാനുള്ള സാദ്ധ്യതയുമുണ്ട്. ആ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി ഖത്തർ സന്ദർശിച്ച അവസരത്തിൽ 10 കോടി രൂപയുടെ പച്ചക്കറിയിനങ്ങൾ നമ്മുടെ സംസ്ഥാനത്തുനിന്ന് ഗൾഫ് നാടുകളിലേക്ക് കയറ്റി അയയ്ക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തിയത്. അതിനെതുടർന്ന് തിരുവനന്തപുരത്തുവച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ വളരെ വിശദമായ ചർച്ചകൾ ഇതിനോടകം നടന്നിട്ടുണ്ട്. അത് പ്രാവർത്തികമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. വിദേശത്ത് നമ്മുടെ പച്ചക്കറിസാധനങ്ങൾക്ക് നല്ല വിപണിയുണ്ട്; അവ വിൽക്കുന്നതിനുള്ള സാദ്ധ്യതകളുമുണ്ട്. ആ സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുവാനായി, ഗവൺമെന്റ് പരമാവധി ശ്രമം നടത്തുകയാണ്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, തെങ്ങിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധതരം തൈകൾ നമ്മൾ പരീക്ഷിച്ചുനോക്കുകയുണ്ടായി. പക്ഷേ അവയ്ക്കെല്ലാം രോഗപ്രതിരോധശേഷിയുണ്ടാവുന്നില്ല. അതുകൊണ്ടുതന്നെ നാളികേരത്തിന്റെ ഉൽപ്പാദനവും കുറയുന്നു. അതിന്റെ ഫലമായി നാളികേര കർഷകരുടെ നട്ടെല്ലൊടിയുകയും ചെയ്യുന്നു. ഇതിന് എന്തെങ്കിലും പരിഹാരമുണ്ടാക്കാൻ സർക്കാർ ശ്രമിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾത്തന്നെ ഗവൺമെന്റ് ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന തെങ്ങിൻ തൈകൾ, വടക്കൻ ജില്ലകളിൽനിന്ന് ശേഖരിക്കുന്ന വിത്ത് തേങ്ങയിൽനിന്ന് ഉൽപ്പാദിപ്പിക്കുവാൻവേണ്ടി രോഗപ്രതിരോധശേഷിയുള്ള തെങ്ങുകളുടെ തേങ്ങകൾ തെരഞ്ഞെടുത്തുകൊണ്ടാണ് വിത്തുതേങ്ങ ശേഖരിക്കുന്നത്. അതിൽ എന്തെങ്കിലും അപാകതയുണ്ടോ എന്ന കാര്യം ഗവൺമെന്റ് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കും.

ശ്രീ. എ. കണാരൻ : നെൽപ്പാടങ്ങൾ സംരക്ഷിക്കുക, നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുക, നെല്ലിന്റെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട തൊഴിലാളികൾ ആ ജോലിയിൽനിന്ന് പിൻവാങ്ങാതിരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക എന്നീ കാര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിൽ അഞ്ചാറുമാസം മുമ്പ് കാർഷികരംഗമാകെ ആഞ്ഞടിച്ച കൊടുങ്കാറ്റായി മാറിയ ഒരു സമരമുണ്ടായി. ആ സമരത്തെത്തുടർന്ന് മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും കർഷകസംഘടനകളും കർഷക സംഘടനാ പ്രതിനിധികളുമൊക്കെച്ചേർന്ന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആലോചനായോഗം നടത്തി. ആ യോഗത്തിൽവച്ച് നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് ശുപാർശ ചെയ്യുന്നതിനായി ഒരു ഏകാംഗ കമ്മിഷനെ നിയോഗിക്കുകയുണ്ടായി. ആ ഏകാംഗ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് കിട്ടിയോ; അതിന്റെ ഫലമായി കാർഷികമേഖലയിൽ എന്തെല്ലാം മാറ്റംവരുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്ന് പറയുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നമ്മുടെ സംസ്ഥാനത്തിലെ കാർഷികവിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഉന്നതാധികാരസമിതിയെ

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിക്കുകയുണ്ടായി. നെൽക്കൃഷിമേഖലയെ സംരക്ഷിക്കുവാനും നെൽക്കർഷകരെ സഹായിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നുള്ളതായിരുന്നു ആ കമ്മിഷന്റെ ചർച്ചാവിഷയം. ആ കമ്മിഷന്റെ റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് മന്ത്രിസഭായോഗം പരിശോധിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : ഇന്ന് കർഷകരെ സഹായിക്കുന്ന പ്ലാനിംഗിൽ ചില മാറ്റങ്ങൾ വരുത്തിയാൽ ഉൽപ്പാദനം കൂടുതൽ വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് വിദേശരാജ്യത്തിലെ ഒരു കർഷകനുമായി സംസാരിച്ചപ്പോൾ എനിക്ക് മനസ്സിലായി. അതിന്റെ രത്നച്ചുരുക്കം കാർഷികോൽപ്പന്നങ്ങൾക്ക് നല്ല വില കിട്ടുക എന്നുള്ളതാണ്. എന്നിട്ട് സബ്സിഡികൾ കൊടുക്കുന്നതിനുപകരം നല്ല വിലയ്ക്ക് കാർഷികോൽപ്പന്നം വാങ്ങിയാൽ ഉൽപ്പാദനം പരമാവധി വർദ്ധിക്കുന്ന സംവിധാനമുണ്ടാകും. പ്ലാനിംഗിൽ അതുസംബന്ധിച്ച് പര്യാലോചന നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നമ്മുടെ പല കാർഷികോൽപ്പന്നങ്ങളും സാർവ്വദേശീയ മാർക്കറ്റിലെ വിലയുമായി ബന്ധപ്പെടുത്തിയിട്ടാണ് വിൽക്കുന്നത്. അതാണ് പ്രധാനപ്പെട്ട പ്രശ്നം. നമ്മുടെ ആഭ്യന്തര കമ്പോളത്തിൽ വിറ്റഴിക്കാൻകഴിയുന്ന ഉൽപ്പന്നങ്ങളേക്കാൾ അധികം വിദേശനാണ്യം നേടുന്ന ഉൽപ്പന്നങ്ങളാണ് കാർഷികമേഖലയിൽ നമ്മൾ ഉൽപ്പാദിപ്പിക്കുന്നത്. അതിന്റെ വില ഇന്റർനാഷണൽ മാർക്കറ്റുമായി ബന്ധപ്പെട്ട് നിൽക്കുകയാണ്. അങ്ങനെയൊരു വലിയ പ്രതിസന്ധി കാർഷികമേഖലയിൽ ഉണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ഡോ. കെ.സി. ജോസഫ് : കേരളത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെട്ട കൃഷിക്കാർ നെൽക്കൃഷിക്കാരാണെന്ന കാര്യം എല്ലാവരും അംഗീകരിക്കുന്നതാണ്. നെൽക്കൃഷി മേഖലയെ സംരക്ഷിക്കുന്നതിനും അതിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി കഴിഞ്ഞ ഗവൺമെന്റ് പ്രൈംമിനിസ്റ്റേഴ്സ് സ്കീം എന്നുള്ളനിലയിൽ ഒരു പദ്ധതി പ്രഖ്യാപിക്കുകയും അതിനുവേണ്ടി ചില സ്കീമുകൾ ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് ഉദ്ദേശിച്ചത്ര പണം ലഭിക്കാത്തതുകൊണ്ട് ഗ്രൂപ്പ് ഫാമിംഗിന്റെ ഫണ്ട് ഡൈവർട്ട് ചെയ്ത് കുറേ പണം കൊടുത്തു. അധികാരവികേന്ദ്രീകരണം വന്നപ്പോൾ ഗ്രൂപ്പ് ഫാമിംഗിന്റെ പണം മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേക്ക് പോയതുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന വർക്കുകൾ ചെയ്ത നെല്ലുൽപ്പാദക സമിതികളാകെ ഇന്ന് ബുദ്ധിമുട്ടിലായിരിക്കുകയാണ്. അതുകൊണ്ട് അവരുടെ കടം തീർക്കുവാനായി ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, പ്രധാനമന്ത്രിയുടെ നെൽക്കൃഷി വികസന പദ്ധതിയുടെ ഭാഗമായിട്ടാണ് നെൽപ്പാടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾക്ക് കഴിഞ്ഞ ഗവൺമെന്റ് രൂപം നൽകിയത്. ആലപ്പുഴ, തൃശൂർ തുടങ്ങിയ ജില്ലകളിലാണ് പ്രധാനമായിട്ടും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1997 മാർച്ച് 31-ാം തീയതി ഈ പദ്ധതി അവസാനിച്ചു. ഇതിൽ കഴിഞ്ഞ ഗവൺമെന്റ് നൽകിയ ഉത്തരവനുസരിച്ച് ഏറ്റെടുത്ത് പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പല വർക്കുകളുമുണ്ട്. നെല്ലുൽപ്പാദക സമിതികളുടെ നേതൃത്വത്തിലാണ് അതിന്റെ വർക്കുകൾ നടക്കുന്നത്; വർക്കുകൾ നടന്നിട്ടുള്ളത്. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും പണം കൊടുക്കേണ്ടതുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് എങ്ങനെ അതിന് പരിഹാരം കണ്ടെത്താൻ കഴിയുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

2 (*435) മായം ചേർത്ത കള്ളുവിൽപ്പന

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ മായം കലർത്തി കള്ളു വിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളിൽ മായം ചേർത്ത കള്ളുഷാപ്പ് കരാറുകാർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്ന് അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിൽ ഇത്തരം എത്ര കേസ്സുകളെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കേസുകളിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) വ്യാജകള്ള് വിൽപ്പനയ്ക്കെതിരായി ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 89 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 36 കേസ്സുകൾ.

(ഡി) ഈ കേസ്സുകളിൽ 15 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. മറ്റുള്ള കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്.

(ഇ) വ്യാജകള്ള് വിൽപ്പനയ്ക്കെതിരായി കള്ളുഷാപ്പുകളും കള്ള് ഡിപ്പോകളും പരിശോധനയ്ക്ക് വിധേയമാക്കുകയും കള്ളിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ശ്രീമതി ആർ. ലതാദേവി : സർ, വ്യാജകള്ള് വിൽപ്പന തടയുന്നതിനു വേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നിരുന്നാലും ഇക്കാര്യത്തിൽ നമ്മുടെ ഡിപ്പാർട്ടുമെന്റിനെ കൂടുതൽ സജ്ജമാക്കേണ്ടതായിട്ടുണ്ട്. ഇതിനായി വനിതാ ഗാർഡുകളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ റേഞ്ചിലും ഇന്നുള്ള ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവർക്ക് കൊടുത്തിരിക്കുന്ന മുളവടിക്ക് പകരം ആധുനിക ആയുധങ്ങൾ കൊടുത്ത് അവരെ പ്രോൽസാഹിപ്പിക്കുന്നതിനും സഞ്ചരിക്കുന്ന പരിശോധനാലാബ് പ്രാവർത്തികമാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഇതിന്റെ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഇൻസ്പെക്ടേഴ്സിന്റെ ലിസ്റ്റ് പി.എസ്. സി.യിൽ നിന്ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 125 പേരെ ഫസ്റ്റ് ബാച്ചായി നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. അവർക്ക് റിഗറസ് ആയിട്ടുള്ള ട്രെയിനിംഗ് പോലീസ് ട്രെയിനിംഗ് കോളേജിൽവച്ച് കൊടുക്കുന്നുണ്ട്. ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly